(സി) അന്ന് പ്രസ്തുത നിയോജക മണ്ഡലങ്ങളെ നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്നത് ഏത് കക്ഷിയിൽപ്പെട്ടവരായിരുന്നു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഹൈവേകളായി പ്രഖ്യാപിച്ച റോഡുകളുടെ അലൈൻമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ ദൂരം കൃത്യമായി പറയാൻ നിവർത്തിയില്ല. 6061.171 കി.മീ. ദൂരം വരുന്ന റോഡുകൾ ജില്ലാതല റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ടി വിവരങ്ങൾ ശേഖരിക്കാറില്ല.

റോഡുകൾക്ക് വീതി കൂട്ടാൻ നടപടി

44 (1983) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഡിവൈഡറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) എൻ.എച്ച്. 47-ലും എൻ.എച്ച്. 17-ലും ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഈ റോഡുകളുടെ വീതി കൂട്ടാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് മുന്നിൽ അവതരിപ്പിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിർദ്ദേശം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാവുന്നതാണ്.

റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ കരാർ വ്യവസ്ഥകൾ

45 (1984) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പണി പൂർത്തിയാക്കി ഉപയോഗിക്കുവാൻ തുടങ്ങുന്ന തീയതി മുതൽ ഒരു നിശ്ചിത കാലത്തേക്ക് യാതൊരു കേടുപാടുകളോ തകരാറുകളോ ഉണ്ടാകരു തെന്നും അപ്രകാരം സംഭവിച്ചാൽ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും

LIBRARY ARCHIVES Kerala Legislative Assembly